
# ജി എൽ പി എസ്
# ഉടുമ്പുന്തല



# അക്കാദമിക
# മാസ്റ്റർ പ്ലാൻ

ജി.എൽ.പി.എസ്
ഉടുമ്പുന്തല

# അക്കാദമിക
# മാസ്റ്റർ പ്ലാൻ

## ഉള്ളടക്കം


1. ആമുഖം
2. ലക്ഷ്യങ്ങൾ
3. വിദ്യാലയത്തിന്റെ ലഘുചരിത്രം
4. നിലവിലെ അവസ്ഥാവിശകലനം
5. മികവിനായി ഏറ്റെടുക്കേണ്ടപദ്ധതികൾ
6. വിശദാംശങ്ങൾ
   (മേഖല, ഉപമേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം, ചുമതല, സാമ്പത്തികവിശകലനം)
7. പ്രതീക്ഷിതനേട്ടങ്ങൾ
8. മോണിറ്ററിംഗ്
9. ഉപസംഹാരം


### അനുബന്ധം


1. വിദ്യാലയത്തിന്റെ സ്കെച്ച്
2. മികവുകൾ, നേട്ടങ്ങൾ, നടപ്പുവർഷം കുട്ടികളുടെ എണ്ണം മുൻവർഷങ്ങളിൽ
3. പ്രതിമാസ പ്രവർത്തനകലണ്ടർ

## ആമുഖം

തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്തിൽ തെക്കെ തൃക്കരിപ്പൂർവില്ലേജിൽ ഉൾപ്പെടുന്ന ഉടുമ്പുന്തല ഗ്രാമത്തിലാണ് വിദ്യാലയം സ്ഥിതിചെയ്യുന്നത്. പഴയ മദിരാശി സംസ്ഥാനത്തിൽപെട്ട ദക്ഷിണ കനറ ജില്ലയുടെ തെക്കേ അറ്റമാണ് ഈ പ്രദേശം. മൂന്നുവശവും വെള്ളത്താൽ ചുറ്റപ്പെട്ടിരിക്കുന്നു.

ഈ വിദ്യാലയം 1946ലാണ് ആരംഭിച്ചത്. അക്കാലത്ത് ആറു വയസ്സു മുതൽ 14 വയസ്സുവരെയുള്ള കുട്ടികൾ പഠനം നടത്തിയിരുന്നു. 1946-47 വർഷത്തിൽ 97 കുട്ടികളും 3 അധ്യാപകരുമായി മൂന്നാം തരം വരെയുള്ള ക്ലാസ്സുകൾ ആരംഭിച്ചു. 2004 വരെ വാടകക്കെട്ടിടത്തിലായിരുന്നു പ്രവർത്തനം. 1962 വരെ അഞ്ചാം തരം വരെ ക്ലാസ്സുകൾ ഉണ്ടായിരുന്നു. ഇതുവരെയായി മൂവായിരത്തിലധികം കുട്ടികൾ ഈ വിദ്യാലയത്തിൽ നിന്ന് പഠനം പൂർത്തിയാക്കി.

ഇപ്പോൾ സ്കൂൾ ഹെഡ്മാസ്റ്റർ ഉൾപ്പെടെ 5 അധ്യാപകരും ഒരു പി.ടി.സി.എം ഉം ഒരു പാചകത്തൊഴിലാളിയും സേവനം അനുഷ്ഠിക്കുന്നുണ്ട്.

## ലക്ഷ്യങ്ങൾ

(1) മതനിരപേക്ഷ ജനാധിപത്യമൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.

(2) അക്കാദമിക മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാലം ലക്ഷ്യത്തോടെ പശ്ചാത്തലസൗകര്യം വർദ്ധിപ്പിക്കുക.

(3) വിവിധ ക്ലാസ്സുകളിലെ പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകി കൊണ്ടുള്ള പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നതിനുള്ള പ്രവർത്തനകലണ്ടർ തയ്യാറാക്കൽ.

(4) അധ്യാപനവും പഠനവും സർഗ്ഗാത്മകവും രസകരവും മെച്ചപ്പെട്ടതുമാക്കുന്നതിന് ഉതകുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾ രൂപപ്പെടുത്തുക.

## അവസ്ഥാവിശകലനം

**ഭൗതീകം:**

അനേകം തലമുറയ്ക്ക് അക്ഷരവെളിച്ചം പകർന്നുനൽകിയ ഈ വിദ്യാലയത്തിന് 4 ക്ലാസ്മുറികൾ അടങ്ങുന്ന ഒരു കെട്ടിടവും ഓഫീസ് കമ്പ്യൂട്ടർ റൂം എന്നിവയുമുണ്ട്. ഓരോ ക്ലാസും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ഉപയോഗിച്ച് ഡിജിറ്റൽ ക്ലാസ്മുറികളാക്കിയിട്ടുണ്ട്. സൗകര്യങ്ങൾ കുറവാണെങ്കിലും ഉച്ചഭക്ഷണം തയ്യാറാക്കുന്ന ഒരു പാചക പ്പുരയുമുണ്ട്.

സ്കൂൾ കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലം മാത്രമാണ് സ്കൂളിന്റേതാ യിട്ടുള്ളത്. ഇത്രയും കുട്ടികൾക്ക് ആവശ്യാനുസരണം ഉപയോഗിക്കാനുള്ള ടോയ്‌ലറ്റ് സൗകര്യം ലഭ്യമല്ല. എല്ലാകാലത്തും ആവശ്യത്തിനുള്ള ജലവിത രണസംവിധാനവും സ്കൂളിൽ ഇപ്പോൾ കുറവാണ്. കുട്ടികൾക്ക് ഒഴിവു സമയങ്ങളിൽ കളിക്കാനും കായിക പരിശീലനത്തിനുമുള്ള സൗകര്യം ഇപ്പോൾ സ്കൂളിൽ ഇല്ല. സുരക്ഷിതത്വം ഉറപ്പുവരുത്താൻ ചുറ്റുമതിൽ, ഗെയിറ്റ് എന്നിവയും ആവശ്യമാണ്. കുട്ടികൾക്ക് ആഹാരം കഴിക്കാനും, ലൈബ്രറി, ലാബ് എന്നിവ ഒരുക്കാനുമുള്ള സ്ഥലം ലഭ്യമാക്കേണ്ട തായിട്ടുണ്ട്

അക്കാദമികം :

കഴിഞ്ഞ കുറേ വർഷങ്ങളായി സാമാന്യം നല്ല അക്കാദമിക നിലവാരം പുലർത്തിവരുന്ന ഈ വിദ്യാലയത്തിലെ കുട്ടികളുടെ എണ്ണം തീരെ താഴ്ന്നു പോകാതെ പിടിച്ചു നിർത്താൻ സാധിച്ചിട്ടുണ്ട്. ഈവർഷാ പ്രവേശനത്തിൽ അല്പം വർദ്ധനയുണ്ടായിട്ടുണ്ട്.

വിദ്യാഭ്യാസ വകുപ്പ്നിർദ്ദേശങ്ങളും സ്വന്തം നിലയിലുള്ളതുമായി വിവിധപരിപാടികൾ സ്കൂൾ ഏറ്റെടുത്ത് മികച്ച രീതിയിൽ നടത്തി വരുന്നുണ്ട്. മേളകളിലും മത്സരപരീക്ഷകളിലും കുട്ടികളെ പങ്കെടുപ്പിക്കാനും സാധിച്ചിട്ടുണ്ട്.

പ്രവർത്തനങ്ങളിൽ ഇനിയും മികവുണ്ടാവേണ്ടതായിട്ടുണ്ട്. സ്കൂൾ പ്രദേശത്തെ മുഴുവൻ കുട്ടികളെയും ഈ സ്കൂളിൽ എത്തിക്കേണ്ടതായിട്ടുണ്ട്.

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ഗവ:എൽ.പി.സ്കൂൾ, ഉടുമ്പുന്തല |
| വിലാസം | : | പി.ഒ.ഉടുമ്പുന്തല<br>സൗത്ത് തൃക്കരിപ്പൂർ<br>കാസർഗോഡ് ജില്ല<br>പിൻ : 671311 |
| ഫോൺ | : | 04672 271265 |
| സ്കൂൾ കോഡ് | : | 12514 |
| വിദ്യാഭ്യാസ ഉപജില്ല | : | ചെറുവത്തൂർ |
| വിദ്യാഭ്യാസ ജില്ല | : | കാഞ്ഞങ്ങാട് |
| ബി.ആർ.സി | : | ചെറുവത്തൂർ |
| സി.ആർ.സി | : | ഒളവറ |
| ഗ്രാമപഞ്ചായത്ത് | : | തൃക്കരിപ്പൂർ |
| ബ്ലോക്ക് പഞ്ചായത്ത് | : | നീലേശ്വരം |
| ജില്ലാ പഞ്ചായത്ത് | : | കാസർഗോഡ് |
| നിയമസഭാ മണ്ഡലം | : | തൃക്കരിപ്പൂർ |
| പാർലിമെന്റ് മണ്ഡലം | : | കാസർഗോഡ് |
| താലൂക്ക് | : | ഹോസ്ദുർഗ്ഗ് |
| വില്ലേജ് | : | സൗത്ത് തൃക്കരിപ്പൂർ |
| ഇ.മെയിൽ | : | 12514glpsudubunthala@gmail.com |

1. ഇംഗ്ലീഷ്

| ക്രമ നമ്പർ | ഉദ്ദേശ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പ ത്തികം |
|---|---|---|---|---|---|
| 1 | **ഇംഗ്ലീഷ് അസംബ്ലി**<br>കുട്ടികളിൽ ഇംഗ്ലീഷ് സംസാരിക്കാനും എഴുതാനും വായി ക്കാനുമുള്ള ശേഷി വികസിപ്പിക്കൽ | ആഴ്ചയിൽ ഒരുദിവസം കുട്ടികൾ തന്നെ അസംബ്ലി ഇംഗ്ലീഷിൽ അവതരിപ്പിക്കുക. അധ്യാപകർ ഇംഗ്ലീ ഷിൽ സന്ദേശം നൽകുക | ആഴ്ച യിൽ ഒരു ദിവസം | ക്ലാസ് & ക്ലാസ് ടീച്ചർ | |
| 2. | **ഇംഗ്ലീഷ് ബുള്ളറ്റിൻ**<br>ഇംഗ്ലീഷ് സർഗ്ഗാത്മക രചനാശേഷി കൈവ രിക്കൽ | ഓരോമാസവും ഏതെ ങ്കിലും വിഷയം കേന്ദ്രീ കരിച്ച് ബുള്ളറ്റിൻ തയ്യാ റാക്കൽ | മാസ ത്തിൽ ഒന്ന് | HM അധ്യാപ കർ | 250 PTA |
| 3. | **ഇംഗ്ലീഷ് കോർണ്ണർ**<br>ഇംഗ്ലീഷ് പഠനാന്ത രീക്ഷം സൃഷ്ടിക്കൽ | ക്ലാസ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകര ണങ്ങളുടെ ശേഖരം ഒരുക്കൽ, ഇംഗ്ലീഷ് പത്രങ്ങളിലെ ശ്രദ്ധേയാ മായ വാർത്തകൾ കുട്ടി കൾക്ക് കാണാവുന്ന വിധത്തിൽ പൊതുസ്ഥ ലത്ത് പ്രദർശിപ്പിക്കൽ | പ്രതി മാസം | ഇംഗ്ലീഷ് Club<br>ക്ലാസ്സ് ടീച്ചർ | |

## 2. ഭാഷാവികസനം

| ക്രമ നമ്പർ | ഉദ്ദേശ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | **ഗ്രന്ഥശാലാ ശാക്തീകരണം**<br>വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടാൻ അവസരം ഒരുക്കൽ | ലൈബ്രറിയിലേക്ക് കൂടുതൽ പുസ്തകങ്ങൾ കണ്ടെത്തൽ.<br>വർഗ്ഗീകരിച്ച് ക്രമീകരിക്കൽ,<br>വിതരണ രജിസ്റ്റർ ശാസ്ത്രീയമാക്കൽ | വർഷത്തിൽ ഒരിക്കൽ | HM<br>PTA<br>അധ്യാപകർ | 2500 സ്പോൺസർഷിപ്പ് |
| 2. | **രചനാശില്പശാല**<br>സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരം ഒരുക്കൽ | കഥ, കവിത രചനശില്പശാലകൾ സംഘടിപ്പിക്കൽ,<br>(സാഹിത്യകാരന്മാരെ പങ്കെടുപ്പിക്കൽ)<br>ഉല്പന്നങ്ങൾ പതിപ്പുകളാക്കൽ | വർഷത്തിൽ രണ്ടുപ്രാവശ്യം | വിദ്യാരംഗം കലാസാഹിത്യ വേദി | 1000 സ്പോൺസർഷിപ്പ് |
| 3 | **മധുരം മലയാളം**<br>മലയാള ഭാഷ വായനയിലും ലേഖനത്തിലും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കൂടുതൽ ശേഷി കൈവരിപ്പിക്കൽ | പിന്നോക്കക്കാരെ കണ്ടെത്താനായി Pre-test<br>പിന്നോക്കാവസ്ഥ തിരിച്ചറിയൽ<br>ഒഴിവുസമയങ്ങളിൽ പ്രത്യേക പരിശീലനം നൽകൽ | മൂന്നു മാസം | അധ്യാപകർ<br>SSG | |

3. ഭാഷ

| ക്രമ നമ്പർ | ഉദ്ദേശ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 4 | **വായനാക്കളരി**<br><br>വായനയിൽ താല്പര്യവും ശേഷിയും കൈവരിക്കൽ | ബാലസാഹിത്യകൃതികൾ വായിച്ച് വായനാക്കുറിപ്പുകൾ നിർമ്മിക്കൽ | വർഷത്തിൽ മൂന്ന് | Staff | 1500 സ്പോൺസർഷിപ്പ് |
| 5. | **പുസ്തകസദസ്സ്**<br><br>വായന, ലേഖനം, സാഹിത്യം എന്നിവയിൽ അഭിരുചി വളർത്തൽ | പുസ്തകങ്ങൾ വായിക്കുകയും വായിച്ചവയിലെ ആശയങ്ങൾ ഉൾക്കൊള്ളിച്ച് രചനകൾ നടത്തൽ | വർഷത്തിൽ രണ്ട് | Staff<br>SSG | 1000 സ്പോൺസർഷിപ്പ് |

അറബിക്

| ക്രമ നമ്പർ | ഉദ്ദേശ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | **അറബിക് മധുരം**<br><br>അറബി ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ അറബി ഭാഷ പഠിക്കാനും സംസാരിക്കാനും പര്യാപ്തമാക്കൽ | പിന്നോക്കക്കാരെ കണ്ടെത്തൽ (pre test)<br>അക്ഷരങ്ങൾ ഉറപ്പിക്കൽ<br>വാചക നിർമ്മാണം<br>ഭാഷാകേളികൾ | മൂന്ന് മാസം | HM<br>അറബി അധ്യാപകൻ,<br>SSG | 500<br>PTA |
| 2. | **വായനാലോകം**<br><br>കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷാ പഠനനേട്ടങ്ങൾ മുഴുവൻ കുട്ടികളിലും എത്തിക്കൽ,<br>കുട്ടികളെ വായനയുടെ ലോകത്തേക്ക് എത്തിക്കൽ | തെരഞ്ഞെടുത്ത ലളിതമായ പാഠപുസ്തകശേഖരം, വായനാമത്സരം,<br>ക്ലാസ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>അറബിപത്രവായന<br>ക്ലാസ് വായന- അറബി പിരിയഡിൽ 5 മിനുട്ട് വായന | ഒരു വർഷം | അറബി അധ്യാപകൻ<br>SSG | 1000<br>PTA<br>സ്പോൺസർഷിപ്പ് |
| | **അറബി ഫെസ്റ്റ്**<br><br>മുഴുവൻ വിദ്യാർത്ഥികളുടെ സർഗ്ഗാത്മക ശേഷികൾ വികസിപ്പിക്കൽ | ക്വിസ്<br>പദനിർമ്മാണം<br>കഥ പറയൽ<br>കവിതചൊല്ലൽ<br>നിറംകൊടുക്കൽ<br>അഭിനയഗാനം<br>ഖുർആൻ പാരായണം<br>പദപ്പയറ്റ് | ഒരു വർഷം | HM & Staff<br>SSG<br>PTA | 2500<br>PTA |

ഗണിതം

| ക്രമ നമ്പർ | ഉദ്ദേശ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | **ഗണിതലാബ്**<br><br>ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിൽ ഗണിതലാബ് സജ്ജീകരിക്കൽ<br>ലാബിൽ വെച്ച് ഗണിത പഠനപ്രവർത്തനങ്ങൾ നടത്തൽ | മുഴുനീളം | HM<br>Staff<br>PTA | 3000<br>SSA |
| 2. | **ഗണിതമേള**<br><br>ഗണിത പ്രവർത്തനങ്ങളിൽ കഴിവും താല്പര്യവും ജനിപ്പിക്കൽ | ഗണിതത്തിലെ രസകരങ്ങളായ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഉപകരണങ്ങൾ നിർമ്മിക്കൽ | വർഷത്തിൽ ഒന്ന് | Staff | 2500<br>PTA |
| | **ഗണിതകേളി**<br><br>ഗണിതത്തിൽ അതീവ താല്പര്യം ഉണ്ടാക്കൽ | ഗണിതാശയങ്ങൾ ഉൾക്കൊള്ളുന്ന പല തരം കളികൾ കണ്ടെത്തൽ, ക്ലാസ്സിൽ അവതരിപ്പിക്കൽ | ആഴ്ചയിൽ ഒന്ന് | ക്ലാസ്സ് ടീച്ചർ | |
| | **ഗണിതക്വിസ്**<br><br>ഗണിതപഠനത്തിൽ താല്പര്യം, മത്സരബുദ്ധി | ഗണിതപ്രശ്നോത്തരി | മാസത്തിൽ ഒന്ന് | അധ്യാപകർ | |

ശാസ്ത്രം

| ക്രമ നമ്പർ | ഉദ്ദേശ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | **ശാസ്ത്രലാബ് നവീകരണം**<br><br>ശാസ്ത്രലാബ് പ്രവർത്തനക്ഷമമാക്കൽ | 1.ശാസ്ത്രോപകരണങ്ങൾ ശേഖരിക്കൽ<br>2. ക്രമീകരിക്കൽ<br>3. പേരെഴുതൽ | വർഷത്തിൽ ഒന്ന് | സയൻസ് ക്ലബ്ബ് | 5000 സ്പോൺസർഷിപ്പ് PTA SSA |
| 2. | **പരീക്ഷണക്കളരി**<br><br>പരീക്ഷണങ്ങളിൽ / ശാസ്ത്രപഠനങ്ങളിൽ താല്പര്യം ഉണ്ടാക്കൽ | കുട്ടികളെ വിവിധ പരീക്ഷണങ്ങൾ ചെയ്യാൻ പരിശീലിപ്പിക്കൽ കുട്ടികൾ പരീക്ഷണങ്ങൾ അവതരിപ്പിക്കൽ | വർഷത്തിൽ മൂന്നു തവണ | സയൻസ് ക്ലബ്ബ് | 2000 PTA |
| 3 | **ശാസ്ത്രമേള**<br><br>ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കുക | മുഴുവൻ കുട്ടികളെയും പങ്കെടുപ്പിച്ചുകൊണ്ട് സ്കൂൾ തല ശാസ്ത്രമേള<br>ഉപജില്ലാതലത്തിൽ പരമാവധി പങ്കാളിത്തം | വർഷത്തിൽ ഒരിക്കൽ | സയൻസ് ക്ലബ്ബ് | 5000 CSR ഫണ്ട് |
| 4. | **ബുളളറ്റിൻ ബോർഡ്**<br><br>ദൈനംദിനശാസ്ത്രത്തിൽ താല്പര്യവും ശ്രദ്ധയും വളർത്തൽ | സ്കൂളിന്റെ ഒരു ഭാഗത്ത് എല്ലാ കുട്ടികൾക്കും കാണത്തക്ക വിധത്തിൽ BB പ്രദർശനം | മാസത്തിൽ ഒന്ന് | ക്ലാസ്സ് ടീച്ചർ | 500 |

കലാപഠനം

| ക്രമ നമ്പർ | ഉദ്ദേശ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | **ചിത്രരചനാകളരി**<br><br>ചിത്രരചനയിൽ പ്രാവിണ്യം നേടാൻ | കുട്ടികളിൽ ചിത്രരചന അഭ്യസിപ്പിക്കാനായി വിദഗ്ദരുടെ ക്ലാസ്സ്. | രണ്ട് ദിവസം | വിദ്യാരംഗം | 2000 വികസന സമിതി |
| 2 | **കലാമേള**<br><br>വിവിധ കലകളിൽ താല്പര്യം ജനിപ്പിക്കലും പ്രകടിപ്പിക്കാൻ അവസരം നൽകലും | സ്കൂൾ തലത്തിൽ മുഴുവൻകുട്ടികളേയും പങ്കെടുപ്പിച്ചുകൊണ്ട് കലാമേള നടത്തൽ. ഉപജില്ലാ തലത്തിൽ പരമാവധി പങ്കാളിത്തം | ഒരു ദിവസം | HM<br>Staff<br>PTA | 3000<br>PTA |
| 3 | **ബാലസഭ**<br><br>സർഗ്ഗാത്മകശേഷികളുടെപ്രദർശനം | സ്കൂൾതലത്തിൽ ബാലസഭ നടത്തൽ<br>ക്ലാസ് തലത്തിൽ | മാസത്തിൽ ഒന്ന് | SRG കൺവിനർ | |
| | | | | | |

കായികവിദ്യാഭ്യാസം

| ക്രമ നമ്പർ | ഉദ്ദേശ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | **കായികപരിശീലനം**<br><br>കുട്ടികളിൽ കായിക ശേഷി വർധിപ്പിക്കൽ | വൈകുന്നേരങ്ങളിൽ കായിക പരിശീലനം നൽകൽ ( ഒരുമണിക്കൂർ) Mass drill കളികൾ. കുട്ടികൾക്ക് പോഷകാഹാരം നൽകൽ | ആഴ്ചയിൽ ഒന്ന് ഓരോ ക്ലാസ്സിനും | ക്ലാസ് ടീച്ചർ | 6000 PTA |
| | **കായികമേള**<br><br>കായിക മത്സരങ്ങളിൽ കഴിവും താല്പര്യവും ഉണ്ടാക്കൽ | മുഴുവൻ കുട്ടികളേയും ഉൾപ്പെടുത്തി സ്കൂൾ തല കായിക മേള ഉപജില്ലാ തലത്തിൽ പരമാവധി പങ്കാളിത്തം | വർഷത്തിൽ ഒന്ന് | HM Staff PTA | 2000 PTA |

പ്രവൃത്തി പരിചയം

| ക്രമ നമ്പർ | ഉദ്ദേശ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| | **പ്രവൃത്തിപരിചയ പഠന ശില്പശാല**<br>പ്രവൃത്തിപരിചയപഠനത്തിന്റെ താല്പര്യവും ആഭിമുഖ്യവും രൂപീകരിക്കൽ | വിവിധ പ്രവൃത്തി പരിചയമേഖലകളിൽ താല്പര്യമുള്ള കുട്ടികളെ പങ്കെടുപ്പിച്ച് ഏകദിന ശില്പശാല പ്രദർശനം | വർഷത്തിൽ ഒന്ന് | അധ്യാപകർ ടീച്ചർ | 3000 PTA |
| | **പ്രവൃത്തി പരിചയ മേള**<br>നിർമ്മാണ പ്രവർത്തനങ്ങളിൽ താല്പര്യം. ഒഴിവു സമയങ്ങൾ ഗുണപരമായ ഉപയോഗിക്കൽ | പരമാവധി കുട്ടികളെ ഉൾപ്പെടുത്തിക്കൊണ്ട് സ്കൂൾ തലത്തിൽ പ്രവൃത്തിപരിചയമേള നടത്തൽ . ഉപജില്ലാതലത്തിൽ പരമാവധി പങ്കാളിത്തം | വർഷത്തിൽ ഒന്ന് | അധ്യാപകർ | 3000 PTA |

| ക്രമ നമ്പർ | ഉദ്ദേശ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | **CWSN കുട്ടികളെ ശാക്തീകരിക്കൽ** | ഹോം ബെയ്സ്ഡ് ട്യൂഷൻ ഏർപ്പെടുത്തൽ | പ്രതി മാസം | IEDC ട്രൈനർ | |
| 2 | **LSS പരിശീലനം**<br>കുട്ടികളുടെ കഴിവുകൾമെച്ചപ്പെടുത്തൽ | LSSപരീക്ഷയ്ക്ക് അർഹതനേടിയ കുട്ടികൾക്ക് പ്രത്യേക പരിശീലനം | മൂന്ന് മാസം | ക്ലാസ്സധ്യാപകൻ മറ്റ് അധ്യാപകർ | SRG<br>PTA |
| 3 | **എസ്.ആർ.ജി യോഗങ്ങൾ**<br>അധ്യാപകരെ ശാക്തീകരിക്കൽ | മാസത്തിൽ രണ്ടുതവണ എസ്.ആർ.ജി യോഗംചേരൽ. ചർച്ച ചെയ്ത് പ്രശ്നപരിഹാരം കണ്ടെത്തൽ | രണ്ടാഴ്ചയിൽ ഒരിക്കൽ | HM<br>SRG കൺവീനർ | 3000<br>PTA |
| | **പഠനോപകരണശില്പശാല**<br>പാഠഭാഗങ്ങൾ പ്രവർത്തനങ്ങളിലൂടെ സജീവമാക്കൽ | വിവിധ ക്ലാസ്സുകളിലെ പഠനപ്രവർത്തനങ്ങൾക്ക് ആവശ്യമായ ഉപകരണങ്ങൾ നിർമ്മിക്കൽ | വർഷത്തിൽ ഒന്ന് | HM<br>അധ്യാപകർ<br>പി.ടി.എ | 2000<br>PTA |

പി.ടി.എ

| ക്രമ നമ്പർ | ഉദ്ദേശ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| | **ക്ലാസ് പി.ടി.എ. ശാക്തീകരണം**<br><br>കുട്ടികളുടെ പഠനപാഠ്യേതര പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ സജീവ ഇടപെടൽ ഉറപ്പുവരുത്തൽ | പ്രതിമാസ ക്ലാസ്സ് പി.ടി.എ ക്ഷണപത്രം തയ്യാറാക്കൽ (കുട്ടികൾ)<br>പങ്കാളിത്തം ഉറപ്പാക്കൽ<br>ഹാജരാകാത്തവരെ നേരിൽ കാണൽ<br>ICT ഉപയോഗം | മാസത്തിൽ ഒന്ന് | ക്ലാസ്സ് ടീച്ചർ | 1000<br>PTA |
| | **സ്കൂൾ പി.ടി.എ ശാക്തീകരണം**<br><br>സ്കൂളിന്റെ അക്കാദമികവും ഭൗതികവുമായ പ്രവർത്തനങ്ങളിൽ PTA യുടെ സജീവ പങ്കാളിത്തം ഉറപ്പുവരുത്തൽ | ജനറൽ ബോഡി യോഗങ്ങൾ കൃത്യമായി നടത്തൽ,<br><br>എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം ഇടയ്ക്കിടെ നടത്തൽ,<br><br>മുഴുവൻ രക്ഷിതാക്കൾക്കും അറിയിപ്പു നൽകൽ | ആവശ്യാനുസരണം<br><br>മാസത്തിൽ ഒന്ന് | HM<br>PTA പ്രസിഡണ്ട്<br>Staff | 500<br>PTA |

## മോണിറ്ററിംഗ്

ദൈനംദിന മോണിറ്ററിംഗ് H.M, PTA പ്രസിഡണ്ട്, SRG കൺവീനർ എന്നിവരുടെ നേതൃത്വത്തിൽ

## സോഷ്യൽ മോണിറ്ററിംഗ്

P.T.A, M.P.T.A, S.R.G, SRG, OSA എന്നിവർ ചേർന്ന് സാധ്യമാവുമ്പോഴൊക്കെ നടത്തുന്നു.

## വിദ്യാഭ്യാസ ഓഫീസർമാരുടെ മോണിറ്ററിംഗ്

AEO, BPO , PEC സെക്രട്ടറി , BRC ട്രൈനർ തുടങ്ങിയവരുടെ മോണിറ്ററിംഗ്

## ഉപസംഹാരം

വിദ്യാഭ്യാസ രംഗത്തെ ദുഷ് പ്രവണതകൾ ഇപ്പോൾതന്നെ സമൂഹത്തിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിച്ചു കൊണ്ടിരിക്കയാണ്. ഈ കെടുതികൾക്ക് സമഗ്രവും ശാസ്ത്രീയവും സഹായിയായതുമായ പരിഹാര മാർഗ്ഗങ്ങൾ സൃഷ്ടിക്കാനുള്ള കർമ്മപദ്ധതിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം. അതിന്റെ ഭാഗമായികൊണ്ട് നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകം കാത്തുസൂക്ഷിക്കുകയും സമ്പുഷ്ടമാക്കുകയും ചെയ്യാൻ ഈ മാസ്റ്റർ പ്ലാൻ ഉപകരിക്കുമെന്ന് പ്രത്യാശിക്കട്ടെ.

# പ്രതിമാസ പ്രവർത്തന കലണ്ടർ

| മാസം | പ്രവർത്തനങ്ങൾ |
|---|---|
| ഏപ്രിൽ , മെയ് | മലയാളം മധുരം,<br>കുറിപ്പ് തയ്യാറാക്കൽ,<br>വാർത്താ അവതരണം |
| ജൂൺ | പാട്ടരങ്ങ്, സചിത്ര പുസ്തകം, അറബിക്ക് മധുരം<br>പ്രീടെസ്റ്റ്, പിടിഎ ശാക്തീകരണം<br>മധുരം മലയാളം, ഗണിതലാബ് ഒരുക്കൽ |
| ജൂലൈ | ഇംഗ്ലീഷ് അസംബ്ലി, ശാസ്ത്രമേള,<br>ബുള്ളറ്റിൻ ബോർഡ്, ക്വിസ്സ്മത്സരം,<br>ഗ്രന്ഥശാലശാക്തീകരണം, സംയുക്തഡയറി,<br>നാട്ടുവിശേഷം, കൂട്ടെഴുത്ത്, റീഡേഴ്സ്തീയറ്റർ |
| ആഗസ്റ്റ് | പത്രം, രചനോത്സവം, ബാലസഭ, വായനയോഗം, ശാസ്ര<br>ത്രലാബ്, ചിത്രരചനാകളരി |
| സെപ്തംബർ | പ്രവൃത്തി പരിചയമേള, കായികമേള പരിശീലനം,<br>കലാമേള, ഗണിതകേളി |
| ഒക്ടോബർ | പരീക്ഷണക്കളരി, ഗണിതമേള,<br>അറബിക്ഫെസ്റ്റ്, ഗണിതക്വിസ് |
| നവംബർ | വായനാക്കളരി, ശാസ്ത്രമേള, ബാലസഭ |
| ഡിസംബർ | പുസ്തകസദസ്സ്, ശാസ്ത്രക്വിസ്സ്<br>ബാലസഭ |
| ജനുവരി | എൽ എസ്എസ് പരിശീലനം,<br>സാഹിത്യക്വിസ്സ്, ക്ലാസ്സ് പിടിഎ, ഭാഷോത്സവം |
| ഫെബ്രുവരി | പ്രവൃത്തി പഠന ശില്പശാല<br>എൽ എസ്എസ് പരിശീലനം |
| മാർച്ച് | ബാലസഭ ക്വിസ്മത്സരം, മികവുത്സവം<br>വാർഷികാഘോഷം |